ചതുരംഗം

രമ പ്രസന്ന

ചതുരംഗം

രമ പ്രസന്ന

(മലയാളം: ചെറുകഥ)

© 2020, Rema Prasanna

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Black & white chessboard, a photograph by King Mali. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ചതുരംഗം

മാഗോളിത്തെരുവ് കടന്നപ്പോഴാണ് തവിട്ട് നിറമുള്ള കൈലി ചുറ്റി കണ്ണിൽ അഗ്നിയുമായി അയാൾ മുന്നിൽ വന്നത്. അയാൾ വരുന്നതും പോകുന്നതും അതീവഭീകരമായ ഏതെങ്കിലും കൃത്യം ചെയ്യാനാകും. രംഗോലിത്തെരുവിലെ പട്ടമ്മാളിന്റെ വീട്ട് വിൽക്കുന്നില്ലെന്ന് മാമി തീർത്ത് പറഞ്ഞപ്പോഴാണ് മൂന്ന് മാസം മുൻപേ അയാൾ വന്നത്. ഭാഷാസിനിമയിലെ ഗുണ്ടകളെ പലപ്പോഴും അയാൾ അനുകരിക്കാറുണ്ടെന്ന് കവലയിൽ കാപ്പി വിൽക്കുന്ന മുരുകൻ പറയാറുണ്ട്.

മാഗോളിത്തെരുവ് പണ്ടെങ്ങോ കുറേയേറെ മംഗോളിയക്കാർ താമസിച്ച തെരുവാണത്രെ. അവിടെയുണ്ടായിരുന്ന മാണിക്യമമ്മ ഒരു മംഗോളിയക്കാരനെ തിരുമണം ചെയ്തുവെന്നും അതിനാലാണ് അവിടെയുള്ള ചില കുട്ടികൾക്ക് മംഗോളിയരുടെ പതിഞ്ഞ മൂക്കും മഞ്ഞളു കലർന്ന നിറവുമുണ്ടായതെന്ന് മുരുകന്റെ കാപ്പിക്കടയിലിരുന്ന സമയം തീറെഴുതുന്നവർ പറയാറുണ്ട്...

മംഗോളിത്തെരുവ് പറഞ്ഞും ലോപിച്ചും മാഗോളിത്തെരുവായി. ആ തെരുവിൽ നിന്ന ടൗണിലേയ്ക്കുള്ള റോഡിൽ നിന്ന അരക്കിലോമീറ്റർ ഉള്ളിലാണ് രംഗോലിത്തെരുവ്. റോഡ് പുനർനിർമ്മിക്കുന്നുവെന്നും പുതിയ പാതകൾ രംഗോലിത്തെരുവിനുണ്ടാകുന്ന ഭൂമിവില മനസ്സിൽ കണ്ട വില്ലാനിർമ്മാണക്കമ്പനിയാണ് തെരുവിന്റെ ആദ്യഭാഗത്തുള്ള വീടുകൾ വാങ്ങാൻ തീരുമാനിച്ചത്. കൂടുതൽ വിലകിട്ടിയപ്പോൾ മൂന്നു പേർ വീടു വിൽക്കാൻ തയ്യാറായി. പക്ഷേ, പട്ടമ്മാൾ മാത്രം അതിനെതിരുനിന്നു. ആ സമയത്തായിരുന്നു പോയ മാസത്തിലെ അയാളുടെ രംഗപ്രവേശം. മാട്ടുതാവണി പേച്ച് എന്ന് മുരുകൻ ആരുമില്ലാത്തപ്പോൾ അയാളെ പരിഹസിച്ചിരുന്നു. അയാൾ വരുമ്പോൾ അതീവ ഭവ്യതയോടെ "കാപ്പി എടുക്കട്ടെ അണ്ണാ" എന്ന് പറഞ്ഞു ഉള്ളിൽ പരിഹസിച്ച് പുറമേ ലോഹ്യം കൂടി നിൽക്കുന്ന മുരുകനെ നോക്കി ഇരിക്കുമ്പോൾ പലപ്പോഴും ചിരി നിയന്ത്രിക്കാനാവാതെ വന്നിട്ടുണ്ട്. കത്തിവേഷങ്ങളുടെ എല്ലാ കോലാഹലത്തോടെയും, ഗോഗ്വോ വിളികളോടെയുമാണ് അയാളുടെ വരവ്. ശല്യം സഹിക്ക വയ്യാതെ പട്ടമ്മാൾ രംഗോലിത്തെരുവിലെ സ്ഥലം വിറ്റ് മൈലാപ്പൂരിലേയ്ക്ക് പോയി.

ഇത്തവണത്തെ അയാളുടെ വരവ് എന്നെത്തേടിയായിരുന്നു. ചിന്തിക്കാൻ അധികസമയം കിട്ടുന്നതിനു മുൻപേ അയാൾ എന്റെ ഷർട്ടിന്റെ കോളറിൽ പിടിച്ചു.

"നിനക്ക് പെരിയ കളി തന്നെ കളിക്കണമല്ലേടാ" എന്നൊരു ചോദ്യവും. "കാണിച്ചു തരാം" എന്നൊരു ഭീഷണിയും. അതിനു ശേഷം. അയാൾ എന്നെ ഷർട്ടിലുയർത്തി താഴെ നിർത്തി കടന്നുപോയി...

സർക്കാർ സ്കൂളിലെ ചരിത്രം പഠിപ്പിക്കുന്ന മാഷിനോടായിരുന്നു ആദ്യം ഇതേപ്പറ്റി പറഞ്ഞത്. അതിനദ്ദേഹം പറഞ്ഞ മറുപടി കേട്ട് എനിയ്ക്ക് ചിരിക്കാനാണു തോന്നിയത്. ഇവരെല്ലാവരും എന്തിനാണ് എന്നെ ഇത്രയധികം ഭയക്കുന്നത്. എന്തിനാണ് എന്നെ തടുക്കാൻ ശ്രമിക്കുന്നത്. മാട്ടുതാവണി ഗുണ്ട ഭീഷണിപ്പെടുത്താനാവും വിധം അപരാധമൊന്നും ഞാൻ ചെയ്തിരുന്നില്ല.

രംഗോലിത്തെരുവിനും അപ്പുറമുള്ള തുന്നൽക്കാരൻ തെരുവിനുമപ്പുറത്താണ് മാലിന്യക്കൂമ്പാരം എടുത്തുകൊണ്ടു വരുന്നവരുടെ വീടുകൾ... അതിന് ഇടത്തോട്ട് തിരിയുന്ന വഴിയിലാണ് അലക്കുകാർ താമസിക്കുന്ന സ്ഥലം. അമ്മയും അച്ഛനും ടൗണിലെ ലോണ്ട്രികളിൽ നിന്നും ആശുപത്രിക്കാർ കൊടുക്കുന്ന തുണികൾ പുഴുങ്ങിയലക്കുന്നതും ചുറ്റിലുമുള്ള വൃത്തിഹീനമായ ഇടങ്ങളും കണ്ടു വളർന്നതിനാലാകണം ദാരിദ്ര്യത്തിന്റെ തെരുവുകളിലെ അപകർഷതാബോധം ചില നേരങ്ങളിൽ എന്നെയും കീഴടക്കിയിരുന്നു.

പണമുണ്ടാക്കേണ്ടത് എന്റെയാവശ്യമായിരുന്നു. അതിനായി ഞാൻ ആദ്യശ്രമം നടത്തിയത് പാട്ടിലായിരുന്നു... കിട്ടുന്ന കൂലി കുടിച്ചു തീർക്കാത്ത അച്ഛനായിരുന്നു എന്റേത്... അന്തി മയങ്ങുമ്പോൾ വൃത്തിഹീനമായ ജീവിതസാഹചര്യം മറക്കാൻ വില കുറഞ്ഞ മദ്യം കൂടുതൽ സേവിച്ച് ഉച്ചത്തിലെന്തൊക്കെയോ ശബ്ദിച്ച് ഇടയ്ക്ക് ഹിറ്റ് തമിഴ് സിനിമയുടെ അശ്ലീലച്ചുവയുള്ള പാട്ടു പാടി, ചിലപ്പോൾ അതിഭീകരമായി കരഞ്ഞു നടക്കുന്ന ധാരാളം ആളുകൾ പാർക്കുന്ന ഒരു ചേരിയിൽ അച്ഛൻ ജീവിച്ച അതിമഹത്തായ ജീവിതമായിരുന്നു എനിയ്ക്ക് തുണയായത്. അച്ഛനു ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നു. പത്ത്, നൂറ് രൂപകൾ ചെറിയ സമ്പാദ്യത്തിൽ നിന്ന് അച്ഛൻ ബാങ്കിൽ നിക്ഷേപിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അമ്മ വളരെ കരുതലോടെ പണം ചിലവാക്കി. പക്ഷേ, അവരെ രണ്ടു പേരെയും തോല്പിച്ചൊരാൾ വീട്ടിലുണ്ടായിരുന്നു. അച്ഛനും, അമ്മയും രക്തം തുവിയുണ്ടാക്കിയ പണം കൊടുത്ത് കല്യാണം ചെയ്തയച്ച എന്റെ കൂടപ്പിറപ്പ്.

റെയിൽവേയിലെ പ്യൂൺ എന്നൊക്കെ പറഞ്ഞാൽ ചേരിയിലെ ആൾക്കാർക്ക് കലക്ടറെ പോലെയായിരുന്നു. അയാൾക്ക് കാറു വാങ്ങാൻ എന്റെ അച്ഛനമ്മയും പുഴുങ്ങി അലക്കു കല്ലിലടിച്ചു സമ്പാദിച്ച പണം തികയാതെ വന്നു. മാനസിക പീഡനം സഹിക്കാതെ എന്റെ ചേച്ചി ആത്മഹത്യ ചെയ്തപ്പോൾ പോലും അച്ഛൻ മദ്യപിച്ചില്ല.

അച്ഛന് എന്നിലൊരു പ്രതീക്ഷയുണ്ടായിരുന്നു. അത് എനിക്കു പെട്ടെന്നു മനസ്സിലായത് എന്റെ ഐക്യുവിന് വല്യ ശാസ്ത്രജ്ഞന്മാരുടെ ഐക്യുവോളം വലുപ്പമുണ്ടെന്ന അറിവായിരുന്നു. പാട്ടു പാടി പണമുണ്ടാക്കാൻ ശ്രമിച്ചപ്പോഴും പാട്ട് എനിയ്ക്ക് പിടിതരാതെ പോയത് എന്റെ ശിരസ്സിലെ കലയുടെ ഭാഗം ശൂന്യമാണെന്നുള്ള പാട്ടു മാഷുടെ കണ്ടുപിടിത്തമായിരുന്നു.

എന്നെ പാട്ടു പഠിപ്പിച്ച മാഷ് തന്നെയാണ് എന്റെ സയൻസ് ബ്രെയിന്റെ ശക്തിയെക്കുറിച്ച് എനിക്കറിവു തന്നത്. ഒരിക്കൽ പാട്ടു പഠിക്കാൻ കുട്ടികൾ വരാൻ വൈകിയ ഒരിടവേളയിൽ ക്ലാസിലേയ്ക്കു ചെന്ന ഞാൻ കണ്ടത് മാഷ് സ്വയം ചതുരംഗം കളിക്കുന്നതാണ്. എന്നെ കണ്ടപ്പോൾ കൂടുന്നോ എന്ന് ചോദിച്ചു. അന്നു രണ്ടു നീക്കങ്ങൾ കൊണ്ട് ഞാൻ മാഷ്ക്കു ചെക്ക് അടിച്ചപ്പോൾ മാഷ് അത്ഭുതത്തോടെ എന്നെ നോക്കി. ഇനി രക്ഷയില്ല, കുട്ടങ്ങി എന്ന് പറഞ്ഞു മാഷ് ഒരിക്കൽ കൂടി കളിച്ചപ്പോൾ മൂന്ന് മിനിട്ടിൽ മാഷിന്റെ മന്ത്രിയും അടുത്ത നീക്കങ്ങളിൽ രണ്ടു കുതിരയും എന്റെ കൈയിലായപ്പോഴാണ് മാഷ് ചരിത്രപ്രസിദ്ധമായ ആ പ്രസ്താവന നടത്തിയത്...

"തിരുവന്തോരം ചിന്ന പയ്യാ നിനക്കറിയോ ദ്യുതം എന്താണെന്ന്. മഹാദ്യൂതം! കുരുക്ഷേത്രത്തിന്റെ ആരംഭം അവിടെ നിന്നാണ്. ചെസ്, ചതുരംഗം..."

"നീ പാട്ടു പഠിക്കേണ്ട. നിന്റേത് സയൻസ് ബ്രെയിനാണ്".

മാഷ് വരേണ്ട എന്ന് പറഞ്ഞിട്ടും ഞാൻ വീണ്ടും പാട്ടു പഠിച്ചു കൊണ്ടിരുന്നു. നൂറും ഇരുനൂറും രൂപയ്ക്ക് ഗാനമേളകളിൽ ഞാൻ കോറസ് പാടി. എന്റെ ചേരിചരിത്രം സ്ലംഡോഗ് മില്യനയർ പോലെ പെട്ടെന്നൊരു നാൾ ഉണ്ടായ വിജയമായിരുന്നില്ല.

സർക്കാർ സ്കൂളിൽ പോലും മത്സരം വരുമ്പോൾ മാഷുമാരുടെ കുട്ടികൾക്ക് പ്രാമുഖ്യം കൊടുക്കാറുണ്ടായിരുന്നു. മത്സരം ആരെയുമറിയിക്കാതെ നടത്തുക, ഉയർന്ന വീട്ടുകളിലെ കുട്ടികൾക്കു സമ്മാനം കൊടുക്കുക ഇതൊക്കെ പതിവായിരുന്നു. ചേരികളിലെ കുട്ടികളെ സാധാരണ പൗരന്മാരായി ആരും അംഗീകരിച്ചിരുന്നില്ല.

തികച്ചും അപ്രതീക്ഷിതമായി എന്റെ അച്ഛനമ്മയും അലക്കു തുണികൾ കൊണ്ടുവരുന്ന ആശുപത്രിയിലെ അൽഷൈമേഴ്സ് വാർഡിനു വേണ്ടി മുൻ ലോക ചാമ്പ്യൻ കുറേയേറെ കുട്ടികളോട് ചെസ് കളിക്കാൻ തയ്യാറായി. അതു കാണാൻ പോയപ്പോഴാണ് എന്നോട് വളരെയധികം കരുണ കാണിക്കാറുള്ള വർഗീസ് ഡോക്ടർ എനിക്കൊരു ചെസ് ടേബിൾ തന്നത്.

ആദ്യമായാണ് ഇതേ പോലൊരു സംഭവം എന്റെ ജീവിതത്തിലുണ്ടായത്. ആ സൗഹാർദ്ദമൽസരത്തിൽ ഞാൻ മുൻ ലോകചാമ്പ്യനെ രണ്ടു തവണ സമനിലയിൽ കുടുക്കി.

സഞ്ജയ് അയ്യർ എന്ന ആ മുൻ ലോകചാമ്പ്യൻ എന്നോട് ആരാണു പരിശീലകൻ എന്ന് ചോദിച്ചു. എന്നെ ആദ്യം ചതുരംഗം പഠിപ്പിച്ചതു മുരുകനായിരുന്നു. ഉച്ചയൂണ് കഴിഞ്ഞു കാപ്പിക്കടയിലിരുന്നുള്ള നേരം പോക്ക്. പട്ടാളത്തിലായിരുന്ന മുരുകന്റെ സഹോദരൻ ഒരവധിക്കാലത്തു മുരുകനെ പഠിപ്പിച്ച ചതുരംഗക്കളി എനിക്കും വശമായി. എന്റെ വിശാലമായ സയൻസ് ബ്രെയിൻ കാരണമാകാം രണ്ടു ദിവസം കൊണ്ട് അതെന്റെ മനസ്സിൽ കുടിയേറി... ഞാനെന്തോ കൗശലം പ്രയോഗിച്ചോ, കള്ളക്കളിയിലോ ജയിക്കുന്നുവെന്ന് മുരുകൻ വിശ്വസിച്ചു. അതിനാൽ ചൈൽഡ് പ്രോഡിജി എന്നെല്ലാം പറയും പോലൊരു വാർത്താപ്രാധാന്യം എനിക്ക് ലഭിച്ചില്ല.

സഞ്ജയ് അയ്യർ എന്ന മുൻ ലോകചാമ്പ്യൻ ജോലിയിൽ നിന്നു വിരമിച്ച് ചതുരംഗത്തിന്റെ ലോകവക്താവായി നടക്കുന്ന കാലത്താണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. 'നന്നായി കരുനീക്കാനറിയുന്ന കുട്ടി' എന്നൊരു പരിഗണന അദ്ദേഹം എനിയ്ക്കു തന്നിരുന്നു. അങ്ങനെയങ്ങനെയാണ് സഞ്ജയ് അയ്യർ എന്ന മുൻ ലോകചാമ്പ്യന്റെ ചിറകിനു കീഴിൽ ഞാൻ പരിശീലനം ആരംഭിച്ചത്. കൃത്യമായി കരുനീക്കാനല്ലാതെ ബുദ്ധിപൂർവ്വമായ കൗശലങ്ങൾ കാട്ടാൻ എനിക്കറിയില്ലായിരുന്നു. പ്രായോഗികതലത്തിൽ ലോകനിലവാരത്തിന്റെ ബാലപാഠങ്ങൾ അയ്യർ സാർ എനിയ്ക്ക് പറഞ്ഞു തന്നു.

അങ്ങനെയൊരു നാളിൽ, ചേരിനിവാസിയും അലക്കുകാരുടെ മകനുമായ മറ്റൊരു കർണ്ണന് അംഗരാജകിരീടം ലഭിക്കുന്നത്. 2018-ലെ ലോകചാമ്പ്യനായ അനിരുദ്ധോ മഹോപാദ്ധ്യായ എന്ന അതീവ പ്രശസ്തനായ, ഇന്ത്യയുടെ അഭിമാനമെന്ന് രാഷ്ട്രനേതാക്കളെല്ലാം അഭിനന്ദിക്കുകയും പദ്മശ്രീ പുരസ്കാരം ലഭിക്കുകയും ചെയ്ത, അദ്ദേഹത്തെ ഞാൻ തോല്പിക്കുന്നത്. പക്ഷേ, എന്നെ തീർത്തും നിരാശപ്പെടുത്തിക്കൊണ്ട് ആ വാർത്ത വന്നത് സ്പോർട്സ് പേജിന്റെ ആരും തന്നെ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ചെറിയ, ചിത്രമില്ലാത്ത, വാർത്തയായാണ്.

അതിനടുത്ത നാളുകളിൽ എന്റെ നിരാശയെ തീർത്തും ഇല്ലാതാക്കിക്കൊണ്ട് എന്റെ ചിത്രം വച്ച വാർത്തകളൊക്കെ ചില പത്രമാസികകളിൽ അല്പം പ്രാധാന്യത്തോടെ അച്ചടിച്ചു വന്നു. സഞ്ജയ് അയ്യർ എന്ന മുൻ ചാമ്പ്യനായിരുന്നു അതിനു പിന്നിൽ പ്രവർത്തിച്ചത്...

പിന്നീട് റോട്ടറിയുടെ ധനശേഖരണത്തിനായി ചെസ് കളിച്ചപ്പോഴാണ് അനിരുദ്ധിനെ വീണ്ടും ഞാൻ തോല്പിച്ചത്. എന്നെ അത്രയൊന്നും സന്തോഷമില്ലാതെ അദ്ദേഹം അഭിനന്ദിച്ചപ്പോൾ എനിയ്ക്ക് വലിയ സങ്കടമൊന്നും തോന്നിയില്ല. ജയിക്കുമ്പോഴും തോറ്റവരുടെ അവസ്ഥയിലാകുന്നവരിലൊരാളാണ് ഞാൻ എന്നെനിക്ക് മനസ്സിലായി...

ലോക ചാമ്പ്യൻഷിപ്പ് ഇന്ത്യയിലേയ്ക്ക് വരുന്നതിനു മുമ്പുള്ള പരിശീലനം പോലെ ദേശീയതലത്തിൽ നടത്താൻ തീരുമാനിച്ച ചെസ് ടീമിലേയ്ക്ക് എന്നെയുൾപ്പെടുത്തി സഞ്ജയ് അയ്യർ മാഷ് എന്നെ അത്ഭുതപ്പെടുത്തി.

അന്നാണ് ആദ്യമായി എനിക്കൊരു ഭീഷണി ലഭിച്ചത്.

ചേരിക്കാരിൽ പല ഗുണ്ടകളുമുണ്ട്. അവരാണ് പലരെയും പലപ്പോഴും പേടിപ്പിക്കുന്നതും ക്വട്ടേഷനെടുത്ത് ആളുകളെ പൊതിരെ തല്ലിവിടുന്നതും, അതിനാൽ ഒരു ഭീഷണി വന്നപ്പോൾ എനിക്കത് തമാശയായി തോന്നി. പക്ഷേ, പിറ്റേന്നും അതേ ഭീഷണി തുടർന്നപ്പോൾ എനിക്കത് കാര്യമായി എടുക്കേണ്ടി വന്നു. അങ്ങനെയൊരു നാളാണ് മാട്ടുതാവണിക്കാരൻ സ്ഥിരം ഗുണ്ട എന്നെ ഷർട്ടിലുയർത്തി "നിനക്ക് പെരിയ കളി തന്നെ കളിക്കണമല്ലേ" എന്ന് ചോദിച്ചത്.

എന്റെ ശിരസ്സിലെ മെഡുല്ല ഒബ്ലാംഗേറ്റ ഏത് പ്രതികരണമാണ് ഒരു വാടകഗുണ്ടയോട് ചെയ്യേണ്ടതെന്ന് എന്നോട് പറഞ്ഞു തന്നില്ല. തീയും, വീഴ്ചയുമെല്ലാം പെട്ടെന്നു ശ്രദ്ധിക്കാൻ സന്ദേശങ്ങളയയ്ക്കുന്ന എന്റെ ഉള്ളിലെ കമാൻഡോ ഇതിനു മാത്രം നിർദ്ദേശവും തരുന്നില്ലല്ലോ എന്നോർത്ത് ഞാൻ രക്ഷപ്പെടാനുള്ള വഴികളാലോചിച്ചു.

ഒരാൾ ഭീഷണിപ്പെടുത്തുന്നു എന്നു കാട്ടി ചെറിയ വീഡിയോ ഉണ്ടാക്കി പോസ്റ്റ് ചെയ്യാൻ മുരുകൻ പറഞ്ഞു. പക്ഷേ, വഴിയിലൂടെ നടന്നു പോകുമ്പോൾ ഒരു വണ്ടി വന്നിടിച്ചാൽ അപകടമരണമെന്നല്ലാതെ അതിന് വേറൊരു കാരണം തേടിപ്പോകാൻ ഞാൻ സമൂഹത്തിലെ വലിയ ഹീറോയൊന്നുമായിരുന്നില്ല. എങ്ങനെയായിരിക്കും ഒരു വാടകക്കൊലയാളി എന്നെ ഇല്ലാതാക്കുക എന്നാലോചിക്കുന്നതിനെക്കാൾ ബുദ്ധിപൂർവ്വമായി രക്ഷപ്പെടാനൊരു മാർഗ്ഗം തേടുകയാണ് നല്ലതെന്ന് എന്റെ മനസ്സ് എന്നെ ഓർമ്മപ്പെടുത്തി.

ചതുരംഗം കളിച്ച് ലോകചാമ്പ്യനാകണമെന്നൊരു മോഹമൊന്നും എനിക്കില്ലായിരുന്നു. സഞ്ജയ് അയ്യർ എന്ന നല്ല മനുഷ്യൻ എന്നെ നിർബന്ധിക്കുന്നതിനാൽ ചെസ് കളിയ്ക്കുന്ന ഞാൻ ആർക്കും ഒരു ഭീഷണിയാണെന്ന് എനിയ്ക്കൊരിക്കലും തോന്നിയിരുന്നില്ല.പക്ഷേ, ഇപ്പോഴാണ് അതിന്റെ ഗൗരവം എനിയ്ക്കു മനസ്സിലായത്. ഞാൻ ഈ മത്സരത്തിൽ കളിയ്ക്കണമെന്ന് അയ്യർ സാർ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുന്നു. അങ്ങനെ ചെയ്താൽ മാട്ടുതാവണി ഗുണ്ട എന്നെ തട്ടിക്കളയും എന്നെനിയ്ക്ക് ഉറപ്പുമുണ്ട്.

രക്ഷപ്പെടാനൊരു മാർഗ്ഗമന്വേഷിച്ച് ഉറക്കം തെറ്റിയ ഒരു പ്രഭാതത്തിലാണ് അത് സംഭവിച്ചത്.

മാട്ടുതാവണിഗുണ്ട എന്റെ ചേരിയിലേയ്ക്ക് വരുന്നു. തിളങ്ങുന്ന ഒരു കത്തി കാട്ടി ശബ്ദിക്കരുതെന്ന് പറഞ്ഞ് എന്നോട് കൂടെ വരാൻ ആജ്ഞാപിക്കുന്നു. അയാളുടെ ഓമ്നി ഏതൊക്കെയോ ഉൾപ്രദേശത്തിലൂടെ സഞ്ചരിക്കുന്നു. ആൾപ്പാർപ്പില്ലാത്ത ഒരിടത്ത് ഒരു നെൽപ്പാടത്തിലൂടെ നടന്ന് കനാലും കടന്ന് എത്തിയ ചതുപ്പ പ്രദേശം എന്നെ ഞെട്ടിച്ചു.

ആദ്യമായി മരണഭയം എന്നിലുണ്ടായി. മാട്ടുതാവണി ഗുണ്ട എന്നെ തൂക്കിയെടുത്ത് ചതുപ്പിലേയ്ക്കിടാനാഞ്ഞപ്പോൾ ചതുരംഗത്തിലെ കുതിരയെ വെട്ടിയ അംഗരക്ഷകനെ പോലെ ഞാനയാളുടെ കഴുത്തിൽ മുറുകിപ്പിടിച്ചു. കാൽ വഴുതി അയാളും ഞാനും ചതുപ്പിലേയ്ക്ക് വീണു. പെട്ടെന്നുണ്ടായ കാൽ വഴുതലായതിനാൽ ചതുപ്പിന്റെ ഒരരികിലാണ് ഞങ്ങൾ വീണത്. പതിയെ പതിയെ ഞങ്ങൾ ചതുപ്പിലേയ്ക്ക് താഴുന്നുണ്ടായിരുന്നു...

താഴുന്നതിനു മുൻപ് അല്പദൂരം ചതുപ്പ് നീന്തൽ നടത്തിയാൽ രക്ഷപ്പെടാമെന്നൊരു ധൈര്യം എന്നിലുണ്ടായി. ചേരിയുടെ ദാരിദ്രം നിറഞ്ഞ എന്നെപ്പോലെയായിരുന്നില്ല താവണിഗുണ്ട. അയാൾക്ക് സാമാന്യത്തിലധികം ശരീരഭാരമുണ്ടായിരുന്നു. അയാൾ എന്നെക്കാൾ മുൻപേ താഴ്ന്നു പോകും എന്നെനിക്കുറപ്പുണ്ടായിരുന്നു.

വളരെയധികം കഷ്ടപ്പെട്ട് ഞാനൊരുവിധത്തിൽ തെന്നിത്തെറിച്ച് നിൽക്കുന്ന ചതുപ്പിനൊരു വശത്തേയ്ക്ക് കയറി. അവിടെ നിന്ന് നോക്കിയപ്പോൾ താവണിഗുണ്ടയുടെ ദയനീയമുഖം എനിയ്ക്ക് കാണാനായി. ഒരു ഗുണ്ട എങ്ങനെയുണ്ടാകുന്നു എന്ന് ചേരിയിൽ വളർന്ന എനിയ്ക്ക് നന്നായി അറിയാമായിരുന്നു. അതിനാൽ അയാളെ രക്ഷിക്കണമെന്ന് എനിക്കാഗ്രഹമുണ്ടായി.

നെൽപ്പാടത്തിലേയ്ക്ക് വെള്ളം കയറ്റുന്ന പമ്പിന്റെ അടുത്തുണ്ടായിരുന്ന ഹോസ് പൈപ്പിൽ ഒരു പ്രതീക്ഷ എനിയ്ക്കുണ്ടായി. അതെടുത്ത് നീട്ടിയെറിഞ്ഞ് അയാളോട് രക്ഷപെടാൻ ശ്രമിക്കാൻ ഞാൻ പറഞ്ഞു.

അയാൾ എന്നെ സംശയത്തോടെ നോക്കിയെങ്കിലും പതിയെ മുന്നോട്ട് വന്നു. അയാൾ രക്ഷപ്പെടുമെന്ന് ഉറപ്പായപ്പോൾ അവിടെ നിന്നാൽ എന്നെ അയാൾ മറ്റേതെങ്കിലും വിധത്തിൽ കൊല്ലുമെന്ന് എന്റെ ബുദ്ധി എന്നെ ഓർമ്മപ്പെടുത്തിയതിനാൽ ഞാനവിടെ നിന്നോടി രക്ഷപ്പെട്ടു.

പാടം കഴിഞ്ഞ് കൈത്തോട്ടിൽ മുങ്ങി ചേറും ചെളിയും നീക്കി ഞാനോടി. ഗ്രാമപ്രദേശത്തെത്തിയപ്പോൾ അവിടെ കണ്ട ഒരു കാളവണ്ടിയിൽ കയറി. മാഗോളിത്തെരുവിലേയ്ക്ക് അവിടെ നിന്ന് ഏകദേശം 30 കിലോ മീറ്ററുണ്ടെന്ന് വണ്ടിക്കാരൻ പറഞ്ഞു. ഒരു വിധത്തിൽ മുരുകന്റെ കടയിലെത്തി ഒന്നും പറയാനാവാതെ ഞാനിരുന്നു.

ചെസ് ഇനിയൊരിക്കലും കളിക്കില്ലെന്ന് ഞാൻ എന്നോടു തന്നെ പറഞ്ഞു.

മൂന്ന നാൾ കഴിഞ്ഞ് മുരുകന്റെ കാപ്പിക്കടയിലിരുന്ന് എന്റെ അനുഭവങ്ങളുടെ തീക്ഷ്ണത വീണ്ടും വീണ്ടും ഓർമ്മിച്ചുകൊണ്ടിരുന്ന ഒരു സായാഹ്നത്തിൽ മധുരമീനാക്ഷികോവിലിന്റെ അടുത്തുള്ള മാട്ടുതാവണിയിൽ നിന്ന് അയാൾ വീണ്ടും മാഗോളിത്തെരുവിലേയ്ക്ക് വന്നു.

ഇപ്രാവശ്യം വന്നത് എന്നോട് നന്ദി പറയാനാണ്. മുരുകന്റെ കാപ്പിക്കടയിലിരുന്ന് അയാളോട് ഞാൻ പറഞ്ഞു:

"നിങ്ങൾ കാരണം ഞാൻ ചെസ് നിർത്തി."

"ചെസോ എന്താത്..."

ചെസ് എന്തെന്ന് അറിയാതയോ ഇയാളെന്നെ കൊല്ലാൻ വന്നത്...

"എടോ തന്നെ കൊല്ലാൻ വന്നത് ചെസിനു വേണ്ടിയല്ല. തന്റെ അളിയൻ റെയിൽവേ പ്യൂൺ അയാളാണ് തന്നെ അപകടപ്പെടുത്താൻ അയ്യായിരം രൂപ തന്നത്."

എന്റെ ജീവന്റെ വില അയ്യായിരം രൂപയെന്നറിഞ്ഞ് എനിക്കെന്നോട് അളവില്ലാത്ത സഹതാപം തോന്നി.

"നിന്റെ പെങ്ങൾ മരിച്ച കേസിൽ നീ അയാൾക്കെതിരെ കേസ് കൊടുത്തില്ലേ... അയാൾക്കു സസ്പെൻഷനായി. അതിന്റെ വാശിയിലാണ് നിനക്കായി ഒരു ക്വൊട്ടേഷൻ എനിയ്ക്ക് കിട്ടിയത്."

എനിയ്ക്ക് ചിരിയടക്കാനായില്ല.

എന്റെയുള്ളിൽ മന്ത്രിയുടെ അബദ്ധനീക്കത്തിൽ ചെക്കിലകപ്പെട്ട രാജാവിന്റെ മുഖമായിരുന്നു...

"നീയെന്തിനാ ചിരിക്കുന്നത്...?"

"അപ്പോളെനിക്കിനിയും ചെസ് കളിക്കാമല്ലേ...?"

"നീയെന്തു വേണമെങ്കിലും കളിച്ചോ...,"

അയാൾ കാപ്പിയുടെ മട്ടും കൂടി കുടിച്ചിറങ്ങിപ്പോയി...

ഒരു കാലാൾ ചതുരംഗക്കളത്തിൽ ആരും എതിർക്കാനാവാതെ മുന്നോട്ടു പോകുന്നതും കിരീടം വച്ചൊരു രാജാവ് നോക്കിയിരിക്കുന്നതും ചിന്തിച്ച് ഞാൻ മുരുകന്റെ കാപ്പിക്കടയിലിരുന്നു...

□

രമ പ്രസന്ന



കഥകളി ആചാര്യനായിരുന്ന ശ്രീമാങ്ങാനം രാമപ്പിഷാരടിയുടെയും, ഗവണ്മെന്റ് സ്കൂൾ അദ്ധ്യാപികയായിരുന്ന കമല പിഷാരസ്യരുടെയും മകൾ. സോഷ്യോളജിയിൽ ബിരുദാനന്തബിരുദം. പാലസ് ഗ്രൗണ്ടിൽ നടന്ന സഹസ്രവീണയിൽ പങ്കെടുത്ത് ലിംകാ ബുക്ക് ഓഫ് റെക്കോർഡ്സ് അംഗീകാരം ലഭിച്ചിട്ടുണ്ട്. സുപ്രസിദ്ധ വീണവിദ്വാൻ ചിട്ടി ബാബുവിന്റെ പ്രധാന ശിഷ്യ വിദുഷി ശാന്തി റാവുവിൽ നിന്നും കർണ്ണാടിക് ക്ലാസിക്കൽ വീണയിൽ 14 വർഷമായി തുടരുന്ന വീണാപഠനം. ഗുരുവിനോടൊപ്പം ബാംഗ്ലൂർ ദൂരദർശൻ, ചൗഡയ്യ മെമ്മോറിയൽ, മറ്റ് പല അരങ്ങുകളിലും വീണവായിച്ചിരിക്കുന്നു.

പ്രസിദ്ധീകൃതമായ കവിതാ സമാഹാരങ്ങൾ

1. നക്ഷത്രങ്ങളുടെകവിത—അവതാരിക ശ്രീ ഓ എൻ വി (ശ്രീ ഓ എൻ വി 'ഭാവശുദ്ധിയുള്ള കവിത' എന്ന് ഈ കവിതാ സമാഹാരത്തെ വിശേഷിപ്പിച്ചിട്ടുണ്ട്).
2. സൂര്യകാന്തം—അവതാരിക സുഗതകുമാരി ടീച്ചർ
3. അർദ്ധനാരീശ്വരം—മഹാകവി അക്കിത്തം
4. കുചേലഹൃദയം
5. കവിതയിൽ നിന്ന് കൈതൊട്ടുണർത്തിടാം—മുഖക്കുറിപ്പ് സച്ചിദാനന്ദൻ
6. വെയിൽ മഴക്കഥകൾ—കേരളത്തിന് പുറത്തുള്ള 11 എഴുത്തുകാരുടെ 20 കഥകൾ. സെൽഫ് എഡിറ്റഡ് ആന്തോളജി.

പുരസ്കാരങ്ങൾ

1. BCKA സാഹിത്യത്തിനുള്ള യുവകലാശ്രേഷ്ഠ പുരസ്കാരം 2016.
2. 'കുചേലഹൃദയം' എന്ന കവിതയ്ക്ക് 2015-ലെ കവി അയ്യപ്പൻ പുരസ്കാരം. ബാംഗ്ലൂർ കോൺഫെഡറേഷൻ ഓഫ് ഓൾ കർണ്ണാടക മലയാളി അസോസിയേഷൻ പുരസ്കാരം.
3. 2014 ബെസ്റ്റ് പോയട്രി വിഭാഗത്തിൽ എൻ പി അബു മെമ്മോറിയൽ പുരസ്കാരം.
4. 'അന്തർദ്ധാര' എന്ന കവിതയ്ക്ക് കേരളസമാജം ദൂരവാണിനഗർ ബെസ്റ്റ് പോയട്രി 2015/2017,2019-ലെ ബെസ്റ്റ് പോയട്രി പുരസ്കാരം.
5. 'അഗ്നി', 'വിസ്മയത്തുടിപ്പുകൾ' എന്ന കവിതകൾക്ക് 2013-ലെയും, 2014-ലെയും കൈരളി കവിതാ പുരസ്കാരം.
6. 'അതിരുകൾ', എന്നീ കവിതയ്ക്ക് 2014-ലെ ബാംഗ്ലൂർ കേരളസമാജം പുരസ്കാരം.
7. ഫമയുടെ കവിതാ പുരസ്കാരം.
8. 'കനകരേഖാലക്ഷ്മി' എന്ന കഥയ്ക്ക് ബാംഗ്ലൂർ റൈറ്റേഴ്സ് ഫോറത്തിന്റെ കഥാമൽസരത്തിൽ സമ്മാനം ലഭിച്ചിട്ടുണ്ട്.
9. 'പൂനവാക്ദേവത' കവിതാപുരസ്കാരം.
10. സർഗ്ഗ ഭൂമി ബുക്സിന്റെ 2018-ലെ കവിതാ പുരസ്കാരം.
11. 'മഴയിലുള്ളത്' എന്ന കവിതയ്ക്ക് ശാസ്ത്രസാഹിത്യവേദി രജതജൂബിലി പ്രൈസ്.
12. 'നീലക്കുറിഞ്ഞിപ്പൂവുകളുടെ താഴ്വരയിൽ' എന്ന കഥയ്ക്ക് ക്രിസ്റ്റ്യൻ റൈറ്റേഴ്സ് ഫോറം കഥപ്രൈസ്.
13. 'വാക്കിലൊതുങ്ങാത്ത മൗനം' എന്ന കവിതയ്ക്ക് ചെന്നൈ കവിസംഗമം സ്പെഷ്യൽജൂറി പ്രൈസ് 2019.
14. നവോത്ഥാനശ്രേഷ്ഠപുരസ്കാരം 2018—കവിത.
15. പ്രതിലിപി കാവ്യഹൃദയം പുരസ്കാരം 2019.
16. പ്രൈം ഇന്ത്യാ പോയട്രി പ്രൈസ് 2020.
17. ദി ഹാവൻ പോയട്രി പ്രൈസ് 2020.

അകം, കലാകൗമുദി, കേരളകൗമുദി, തുളസീദളം, ക്ഷേത്രദർശനം, മുദ്രപത്രം മാസിക, സഹജ, സർഗ്ഗജാലകം, പ്രവാസിഎക്സ്പ്രസ്, പൂനെവാക്ദേവത, ബാംഗ്ലൂർ നാദം, ബാംഗ്ലൂർ ജാലകം, ഇ-മലയാളി, തസ്രാക് മാഗസിൻ, നവമലയാളി, ശാന്തം മാസിക, വിമൻസ് ഇറാ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും മലയാള മനോരമ, മാധ്യമം എന്നീ വർത്തമാനപ്പത്രങ്ങളിലും സൃഷ്ടികൾ പ്രകാശിതമായിട്ടുണ്ട്. കവിതകടഞ്ഞ്, കവിതയുടെ കടൽ, കഥമാനവീയം എന്നീ സമാഹാരങ്ങളിൽ കവിതയും, കഥയും പ്രസിദ്ധീകൃതമായിട്ടുണ്ട്...

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രീകരണം: വി. പി. സുനിൽകുമാർ

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014